മംഗളം

# മയക്കുമരുന്നിനെതിരേ മനുഷ്യച്ചങ്ങല തീർത്ത് അമൃത വിശ്വവിദ്യാപീഠം



■ അമൃതയിൽ സംഘടിപ്പിച്ച മനുഷ്യച്ചങ്ങലയിൽ വിദ്യാർത്ഥികൾ ഭാഗമായപ്പോൾ.

കൊച്ചി: അന്താരാഷ്ട്ര മയക്കുമരുന്ന് ഉപയോഗ വിരുദ്ധ ദിനം ആചരിച്ച് അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ്. അമൃത കോളേജ് ഓഫ് നഴ്സിംഗിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മനുഷ്യച്ചങ്ങലയിൽ അമൃത സ്കൂൾ ഓഫ് ഫാർമസി, അമൃത സെന്റർ ഫോർ അലൈഡ് ഹെൽത്ത് സയൻസ്, അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രി, അമൃത സ്കൂൾ ഓഫ് മെഡിസിൻ, എന്നിവിടങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും അമൃത നഴ്സിംഗ് സർവീസിലെ അംഗങ്ങളും കണ്ണികളായി.

എറണാകുളം അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ ടി. എൻ. സുധീർ ഉദ്ഘാടനം ചെയ്തു.

അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ കെ ടി മോളി ചടങ്ങിൽ സ്വാഗത പ്രസംഗം നടത്തി.

അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം, സ്കൂൾ ഓഫ് ഡെന്റിസ്ട്രി വൈസ് പ്രിൻസിപ്പൽ ഡോ. രാകേഷ്, കോളേജ് ഓഫ് നഴ്സിംഗ് വൈസ് പ്രിൻസിപ്പൽ ഷീല പവിത്രൻ, അമൃത ജനറൽ മാനേജർ ശ്രീ. സി വി വിനായകൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രൊഫസർ ലെഫ്റ്റനന്റ് കേണൽ ഡോ. അജി കെ എൽ, നന്ദി പ്രകാശനം നടത്തി.

KOCHI Edition
Jun 27, 2025 Page No. 2
Powered by: erelego.com